ഉത്തരം

(എ) ഉണ്ട്. യാത്രക്കാരില്ലാത്ത അവസ്ഥയിൽ തറനിരപ്പിൽ നിന്നും ഇരുപത്തി യഞ്ച് സെ. മീ. ഉയരത്തിൽ കുറയാതെയും നാൽപ്പത് സെ.മീ. ഉയരത്തിൽ കൂടാതെയു മായിരിക്കണം ഏറ്റവും താഴെയുള്ള ചവിട്ടുപടി ക്രമീകരിക്കേണ്ടത്.

(ബി ആന്റ് സി) കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്റ്റേജുകാര്യേജുകൾ രജിസ്ട്രേഷനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും ഹാജരാക്കുമ്പോൾ മേൽപ്പ റഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. എന്നാൽ ചില സ്റ്റേജ് കാര്യേജുകൾ രജിസ്ട്രേഷനും ഫിറ്റ്നസ് സർട്ടിഫിക്കറ്റും വാങ്ങിയതിനുശേഷം ചില മാറ്റങ്ങൾ വരുത്തുന്നതുകൊണ്ടാണ് ചവിട്ടുപടി ക്രമീകരണത്തെ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്നത്. പുതിയ ബസ്സുകൾ രജിസ്ട്രേഷന് ഹാജരാക്കുമ്പോൾ നിയമാനുസൃതമല്ലാതെ ചവിട്ടുപടികൾ നിർമ്മിച്ചിട്ടുള്ളവയ്ക്ക് യാതൊരു കാരണ വശാലും രജിസ്ട്രേഷൻ നൽകരുതെന്നും നിലവിലുള്ള ബസ്സുകളുടെ ഫിറ്റ്നസ് പരി ശോധിക്കുമ്പോൾ ഇക്കാര്യം കർശനമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തണ മെന്നും എല്ലാ ആർ. ടി. ഒ.-മാർക്കും സർക്കാർ ഇതിനകംതന്നെ നിർദ്ദേശം നൽകിയി ട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

64 [499] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ബസ് വാങ്ങി പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പുതിയ ബസ്സുകൾ വാങ്ങാനു ദ്ദേശിക്കുന്നു;

(ബി) നിലവിലുള്ള റൂട്ടുകളിലെല്ലാം കൃത്യമായി സർവ്വീസ് നടത്തുന്നതിന് ഇനിയും എത്ര ബസുകളുടെ ആവശ്യമുണ്ട്;

(സി) കെ. എസ്. ആർ. ടി. സി.-ക്ക് സ്വന്തമായി ബസുകൾക്ക് ബോഡി നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടോ; നിലവിലുള്ള സംവിധാനം പൂർണ്ണമായി പ്രയോ ജനപ്പെടുത്തിയാൽ പ്രതിവർഷം എത്ര ബസ്സുകൾക്ക് ബോഡി നിർമ്മിക്കുവാൻ കഴിയും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി ഇറക്കാനുദ്ദേശിക്കുന്ന ബസ്സുകൾക്കെല്ലാം ബോഡി നിർമ്മിക്കുന്നത് നിലവിലുള്ള സംവിധാനത്തിൽതന്നെ ആയിരിക്കുമോ;

(ഇ) ബോഡി നിർമ്മിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സഹകാര്യ കമ്പനികളിൽ നിന്നും ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 800 ബസ്സുകൾ.

(ബി) ഇപ്പോൾ ആവശ്യാനുസരണം ബസ്സുകൾ ഉണ്ട്. കാലപ്പഴക്കം ചെന്ന ബസ്സുകൾ മാറ്റുന്ന മുറയ്ക്ക് പകരം കൊടുക്കുന്നതിനാണ് പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സംവിധാനമുണ്ട്. 120 ബസ്സുകൾ.

(ഡി) ആയിരിക്കും.

(ഇ) ഉണ്ട്. താഴെപ്പറയുന്ന കമ്പനികൾക്ക് ഓർഡർ നൽകിയിട്ടുണ്ട്.

1. ഹർഷവീൽ മൂവേഴ്സ്, ബാംഗ്ലൂർ—275 ലൈലാന്റ് ബസ്സുകൾ.
2. റ്റി. വി.എസ്. തിരുവനന്തപുരം—190 ലൈലാന്റ് ബസ്സുകൾ.
3. ഹൈടെക് ആട്ടോ ക്രാഫ്റ്റ്, ചന്തിരൂർ—30 ലൈലാന്റ് ബസ്സുകൾ+50 ടാറ്റാ ബസ്സുകൾ.
4. ശ്രീ ശക്തി കോച്ച്, കരൂർ—50 ടാറ്റാ ബസ്സുകൾ.
5. റായൽ എൻജിനീയറിംഗ് കമ്പനി, കരൂർ—25 ടാറ്റാ ബസ്സുകൾ.

പോപ്പുലർ മെഗാ മോട്ടോഴ്സ്, തിരുവനന്തപുരം, കെ. ആസാദ് കോച്ച്, ബാംഗ്ലൂർ, രേവതി എന്റർപ്രൈസസ്, അരൂർ, ക്രിയേറ്റീവ് എന്റർപ്രൈസസ്, കുറീക്കാട്, എറണാകുളം എന്നീ കമ്പനികൾക്കുള്ള ഓർഡർ, പ്രോട്ടോ ടൈപ്പ് ബോഡി പരിശോധിച്ച് തൃപ്തികരമായി കണ്ടാൽ നൽകും.

സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാന്റുകളുടെ ശോചനീയാവസ്ഥ

65 [500] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകൾ ഭൂരിഭാഗവും ശുചിത്വമില്ലായ്മകൊണ്ടും ബസ്സുകളുടെ യഥേഷ്ടമുള്ള പാർക്കിംഗ് കൊണ്ടും ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly